പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3959 — 19.03.2018-ലെ മറുപടിക്ക്

'അധിക ഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്യുവാൻ നടപടി'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>,, അനൂപ് ജേക്കബ്<br>,, കെ.സി.ജോസഫ്<br>,, എ.പി. അനിൽ കുമാർ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വ്യക്തികളും സ്ഥാപനങ്ങളും കൈവശം വച്ചിരിക്കുന്ന അധിക ഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | സംസ്ഥാനത്ത് വ്യക്തികളും സ്ഥാപനങ്ങളും ഭൂപരിധിയിൽ കവിഞ്ഞ് കൈവശം വച്ച് വരുന്ന മിച്ചഭൂമി ഏറ്റെടുത്ത് ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്ക് വിതരണം ചെയ്യുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെ കേരള ഭൂപരിഷ്കരണ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ടി നിയമത്തിലെ III-ാം അദ്ധ്യായത്തിലെ പ്രസക്ത വകുപ്പുകൾ പ്രകാരം ഭൂപരിധി കേസുകളിന്മേൽ നിയമാനുസൃത നടപടികൾ സ്വീകരിച്ച് അധിക ഭൂമി ഏറ്റെടുത്ത് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അർഹരായ ഭൂരഹിതർക്ക് വിതരണം ചെയ്യുന്ന നടപടികൾ സംസ്ഥാനത്ത് നടന്നുവരുന്നു. പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തുവാനും ഭൂപരിധിയിൽ കവിഞ്ഞ എല്ലാ കൈവശങ്ങളും ഭൂപരിധി കേസിന്റെ പരിധിയിൽകൊണ്ടുവന്ന് നടപടികൾ നടത്തുവാൻ പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇതുസംബന്ധിച്ച നടപടികൾ സ്വീകരിക്കുവാൻ താലൂക്ക് ലാന്റ് ബോർഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | പരിധിയിൽ കൂടുതൽ ഭൂമി കൈവശം വച്ചുവരുന്നവർക്കെതിരെ സീലിംഗ് കേസ് എടുത്ത് മിച്ചഭൂമി കണ്ടെത്തുന്നതിന് താലൂക്ക് ലാൻഡ് ബോർഡുകൾക്ക് കേരള ഭൂപരിഷ്കരണ നിയമപ്രകാരം അധികാരം ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | എല്ലാവർക്കും വീട് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുവാൻ ആവശ്യമായ ഭൂമി സർക്കാരിന്റെ പക്കലില്ലാത്ത സാഹചര്യത്തിലാണോ ഭൂപരിഷ്കരണ നിയമം കർശനമാക്കുന്നതിന് ആലോചിക്കുന്നത് എന്നറിയിക്കാമോ; | (സി) | കേരള ഭൂപരിഷ്കരണ നിയമം നിലവിൽ കർശനമായി തന്നെ നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി) | ഭൂപരിഷ്കരണ നിയമത്തിൽ ഇളവുനേടി കൂടുതൽ ഭൂമി കൈവശം വയ്ക്കുവാൻ അർഹത നേടിയവർ നിയമം ദുരുപയോഗം ചെയ്യതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്? | (ഡി) | ഭൂപരിഷ്കരണ നിയമത്തിൽ ഇളവുനേടി കൂടുതൽ ഭൂമി കൈവശം വയ്ക്കുവാൻ അർഹത നേടിയവർ നിയമം ദുരുപയോഗം ചെയ്യതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരക്കാർക്കെതിരെ കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**